## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 466**

**29.06.2016-ൽ മറുപടിയ്ക്ക്**

### മണിയാർ ടൂറിസം പദ്ധതി

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മണിയാർ ടൂറിസം പദ്ധതിക്ക് എത്ര തുകയാണ് അനുവദിച്ചിരുന്നതെന്നും എന്തൊക്കെ പദ്ധതികളാണ് ഇതിൽ വിഭാവനം ചെയ്തിരുന്നതെന്നും ഇതിൽ ഏതൊക്കെ പദ്ധതികൾ പൂർത്തീകരിച്ചുവെന്നും ബാക്കിയുള്ളവയുടെ നിർമ്മാണം തടസ്സപ്പെട്ടതിന്റെ കാരണമെന്തെന്നും വ്യക്തമാക്കാമോ; | (എ) | മണിയാർ ടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ടത്തിനായി 50 ലക്ഷം രൂപയാണ് അനുവദിച്ചത്. ഇതിൽ ലാന്റ് സ്കേപ്പിംഗ്, പാർക്കിംഗ് യാർഡ്, പവലിയൻ, സൈനേജ്, ബോട്ടിംഗ് യാർഡ് നവീകരണം, നടപ്പാത, ഫുഡ് കോർട്ട്, ആംഫി തീയേറ്റർ, ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ, ബാരേജ് നവീകരണം, ക്വാർട്ടേഴ്സിന്റെ ലാന്റ് സ്കേപ്പ്, സസ്പെൻഷൻ ബ്രിഡ്ജ്, എൻട്രൻസ് ഗേറ്റ്, ടോയ്‌ലറ്റ്, കുട്ടികളുടെ കളിസ്ഥലം, യൂട്ടിലിറ്റി ഷോപ്പ്, അക്വേറിയം തുടങ്ങിയവയാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br>ഇവയിൽ ലാന്റ് സ്കേപ്പ്, ടോയ്‌ലറ്റ് ബ്ലോക്ക്, പവലിയൻ തുടങ്ങിയവ പൂർത്തീകരിച്ചു.<br>വൈദ്യുത ജല സംവിധാനങ്ങൾ ലഭ്യമാക്കാൻ ജലസേചന വകുപ്പ് അനുമതി നൽകാത്തതിനാലും സിഡ്കോ യഥാസമയം പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാലുമാണ് പദ്ധതി പൂർത്തീകരിക്കാൻ കഴിയാതെ വന്നത്. |
| (ബി) | പ്രസ്തുത പദ്ധതികളുടെ നിർമ്മാണം പൂർത്തീകരിക്കാനും മണിയാർ ഡാം കേന്ദ്രീകരിച്ച് വിനോദ ബോട്ട് യാത്ര ഉൾപ്പെടെ സഞ്ചാരികളെ ആകർഷിക്കാൻ കഴിയുംവിധമുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | ഇതിനായി വ്യക്തമായ പദ്ധതികൾ ആവിഷ്കരിക്കാൻ പത്തനംതിട്ട ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ